# പത്രക്കുറിപ്പ്

# സുരക്ഷിതവും സന്തോഷകരവുമായ ഓണം; ബോധവത്കരണവുമായി മാവേലി തലസ്ഥാന നഗരത്തിൽ

## വിലക്ക് ലംഘനം: 26 പേർക്കെതിരെ കേസ്. മാസ്ക് ധരിക്കാത്ത 107 പേർക്കെതിരെയും സാമൂഹിക അകലം പാലിക്കാത്ത 12 പേർക്കെതിരെയും നടപടി. 27,400/- രൂപ പിഴ ഈടാക്കി.

തിരുവനന്തപുരം:- തലസ്ഥാനത്ത് പൊതുജനങ്ങളുടെ ഇടയിൽ കൊറോണ ബോധവത്കരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന് **"സെയ്ഫ് ആന്റ് ഹാപ്പി ഓണം"** ബോധവത്കരണവുമായി മാവേലി എത്തുകയും, പോലീസിനൊപ്പം പൊതുസ്ഥലങ്ങൾ കേന്ദ്രീകരിച്ച് കോവിഡ്-19 ബോധവത്കരണ മാർഗ്ഗനിർദ്ദേശ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. അതേസമയം സിറ്റി പോലീസ് ഇന്നലെ (19.08.2020) നടത്തിയ പരിശോധനയിൽ കോവിഡ്-19 സുരക്ഷാ നിർദ്ദേശങ്ങൾ പാലിക്കാതെ വിലക്ക് ലംഘനം നടത്തിയ 26 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരം കേസെടുത്തു. മാസ്ക് ധരിക്കാത്തതിന് 107 പേരെയും സാമൂഹിക അകലം പാലിക്കാത്ത 12 പേരെയും പിടികൂടി 27,400/- രൂപ പിഴ ഈടാക്കുകയും ചെയ്തതായി കമ്മീഷണർ അറിയിച്ചു.